

കത്തുകൾ

# ജമാൽ മലപ്പുറത്തെ ഓർക്കുമ്പോൾ

**ജമാൽ** മലപ്പുറത്തെ കുറിച്ച് സഹപ്രവർത്തകരും സഹപാഠികളുമായ വി.എ കബീറും വി.കെ ജലീലും എഴുതിയ ഓർമക്കുറിപ്പുകൾ ജമാൽ സാഹിബിൽ ഉള്ളടങ്ങിയ പാണ്ഡിത്യത്തിന്റെയും സഹൃദയത്വത്തിന്റെയും ഗരിമയും സൗന്ദര്യവും പകർന്നു നൽകിയ നല്ലൊരു വായനാനുഭവമായി.

ജമാൽ മലപ്പുറത്തെ ആദ്യമായി വായിക്കുന്നത് ശാന്തപുരത്ത് സെക്കന്ററി ക്ലാസിൽ പഠിക്കുമ്പോഴാണ്. 'തിരുവരുളിന്റെ എഴുതാപ്പുറം' എന്ന പേരിൽ മൂന്ന് ലക്കങ്ങളിലായി *പ്രബോധന*ത്തിൽ പ്രസിദ്ധീകരിച്ചുവന്ന കാരശ്ശേരി വിമർശനമായിരുന്നു ആദ്യംവായിച്ച രചന. ഖുർആനിലുള്ള അദ്ദേഹത്തിന്റെ സൂക്ഷ്മമായ അവഗാഹത്തെ ലേഖനം ബോധ്യപ്പെടുത്തിയെങ്കിലും ലേഖനത്തെ ശ്രദ്ധേയമാക്കിയ അതിലെ രൂക്ഷമായ വിമർശന ശൈലിയോട് യോജിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ തൊട്ടടുത്ത ലക്കത്തിൽ തന്നെ 'കത്തിക്ക് വിവേകം അന്യം' എന്ന തലക്കെട്ടിൽ സാഹിത്യകാരനായ എൻ.പി മുഹമ്മദ് അതിനോട് സമാന ശൈലിയിൽ പ്രതികരിച്ചപ്പോൾ രണ്ട് പേരുടെയും വിമർശന ശൈലിയോട് വിയോജിച്ചുകൊണ്ട് ഈ കുറിപ്പുകാരൻ ഒരു പ്രതികരണം എഴുതിയിരുന്നു. എൻ.പിയും എം.എം ബഷീറും അടക്കമുള്ള പല പ്രമുഖരും അണിനിരന്ന ആ സംവാദം അവസാനിപ്പിച്ചുകൊണ്ട് ജമാൽ മലപ്പുറം എഴുതിയ 'മദ്വചനങ്ങൾക്ക് മാർദവമില്ലെങ്കിലും' എന്ന ലേഖനം സംവാദത്തിൽ ഉന്നയിക്കപ്പെട്ട എല്ലാ വിമർശനങ്ങൾക്കും അക്കമിട്ട് മറുപടി പറയുന്നതായിരുന്നു.

പിന്നീട് വർഷങ്ങൾക്ക് ശേഷമാണ് അദ്ദേഹത്തെ നേരിൽ പരിചയപ്പെടുന്നത്. അപ്പോഴൊക്കെ ഇടക്കൊക്കെ ലേഖനങ്ങൾ എഴുതുകയും ചില പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുകയും ചെയ്തിരുന്നതുകൊണ്ട് പരിചയപ്പെട്ടപ്പോൾ തന്നെ അവയെക്കുറിച്ചാണ് സംസാരിച്ചത്. ജമാൽ മലപ്പുറത്തെ പോലുള്ള ഒരാൾ തന്റെ ലേഖനങ്ങളും വിവർത്തനങ്ങളും ശ്രദ്ധിച്ച് വായിക്കുന്നുവെന്ന അറിവ് ഒരേസമയം ആഹ്ലാദവും ഭയവുമാണ് സൃഷ്ടിച്ചത്. ഭയത്തിന് കാരണം വിവർത്തനത്തിലെ പാകപ്പിഴവുകളെ സൂക്ഷ്മമായി പിന്തുടരുന്നയാൾ എന്ന അദ്ദേഹത്തെക്കുറിച്ച അറിവാണ്. പല വിവർത്തനങ്ങളെയും അദ്ദേഹം പിടികൂടിയതും അറിയാം. എന്റെ വിവർത്തനത്തെക്കുറിച്ച് കാര്യമായ കുറ്റങ്ങളൊന്നും പറയാതെ പ്രോത്സാഹിപ്പിക്കുക മാത്രം ചെയ്തപ്പോൾ അതിന്റെ ആശ്വാസം ചില്ലറയായിരുന്നില്ല. *അൽ ജിഹാദു ഫിൽ ഇസ്‌ലാമി*ന്റെ വിവർത്തനം *ബോധന*ത്തിൽ ഖണ്ഡശ്ശയായി വന്നുകൊണ്ടിരുന്നപ്പോൾ *അൽജിഹാദി*ന്റെ മനോഹരമായ ഒരറബി പരിഭാഷ ആ സമയത്ത് സുഊദി അറേബ്യയിലുണ്ടായിരുന്ന ജ്യേഷ്ഠൻ കെ.ടി അബ്ദുർറഹ്മാൻ നദ്‌വിയുടെ വശം എനിക്ക് തരാനായി ജമാൽ സാഹിബ് കൊടുത്തയച്ചതും ഓർക്കുകയാണ്.

'മൗദൂദിയെ വായിക്കുമ്പോൾ' എന്ന പേരിൽ *പ്രബോധന*ത്തിൽ ഞാനെഴുതിയ ലേഖനത്തെ രൂക്ഷമായി അദ്ദേഹം വിമർശിക്കുകയുണ്ടായി. മറ്റേതൊരു പരിഷ്കർത്താവിനെയും പോലെ കാലഘട്ടത്തിന്റെ സ്വാധീനത്തിൽ നിന്ന് മൗദൂദിയും മുക്തനല്ലെന്നും അതിനാൽ അത്തരം സ്വാധീനം ഉള്ളതായി സംശയിക്കപ്പെടുന്ന മൗദൂദിയുടെ ചില അഭിപ്രായ പ്രകടനങ്ങളെ വൈജ്ഞാനികമായി മാത്രം കണ്ട് പുതിയ കാലത്ത് അവയെ പുനർവായിക്കുകയോ തിരുത്തുകയോ ചെയ്യണമെന്നുമായിരുന്നു ലേഖനം മുന്നോട്ടുവെക്കാൻ ശ്രമിച്ച ആശയം. ഈ നിരീക്ഷണം ഇഷ്ടപ്പെടാതിരുന്ന ജമാൽ സാഹിബിന്റെ പ്രതികരണം 'താനാരടാ മൗദൂദിയെ തിരുത്താൻ' എന്നായിരുന്നു.

മുഖത്ത് നോക്കി പറയാനുള്ളത് പറയുക എന്നത് ജമാൽ സാഹിബിന്റെ ഒരു മൗലികത തന്നെയാണ്. മുഖസ്തുതി മാത്രം കേൾക്കാൻ ശീലിച്ചവർക്ക് അത് അത്ര ദഹിച്ചുകൊള്ളണമെന്നില്ല. എന്നാൽ, ഏതൊരു പ്രസ്ഥാനത്തെയും സംബന്ധിച്ചേടത്തോളം ഭക്തനായ അനുയായികളേക്കാൾ ഗുണം ചെയ്യുക ആത്മാർഥതയുള്ള സ്വയം വിമർശകരാണ്.

**കെ.ടി ഹുസൈൻ**

# പ്രവാസത്തിലെ വൈജ്ഞാനിക വസന്തം

**നാട്ടിലെ** ഇസ്‌ലാമിക കലാലയങ്ങളിൽ പഠിച്ച് ഗൾഫിൽ എത്തിയശേഷം ആ അറിവുകൾ തേച്ചുമിനുക്കാനോ പുഷ്ടിപ്പെടുത്താനോ ഔത്സുക്യം കാണിക്കാത്ത അനവധി പേരുണ്ട്. ലഭിച്ച ജോലിയും സാഹചര്യവുമാണ് തന്റെ വളർച്ച മുരടിപ്പിച്ചതെന്നാണ് അവരിൽ പലരുടെയും പരിഭവം. എന്നാൽ, എല്ലാ പ്രതിസന്ധികളെയും മറികടന്ന് പ്രവാസത്തിലും വൈജ്ഞാനിക വളർച്ച നേടുകയും അത് സമൂഹത്തിന് പ്രയോജനകരമാംവിധം ഉപയോഗിക്കുകയും ചെയ്ത പണ്ഡിതനായിരുന്നു കഴിഞ്ഞ ജനുവരി 7ന് വിടപറഞ്ഞ ജമാൽ മലപ്പുറം. പ്രവാസത്തിലെ വൈജ്ഞാനിക വസന്തമായിരുന്നു ആ ഇസ്‌ലാമിക പ്രവർത്തകൻ. ഖുർആനിൽ അവഗാഹവും ആധികാരികതയും, അതായിരുന്നു അദ്ദേഹത്തിന്റെ സവിശേഷത.

ജമാൽ സാഹിബുമായി അവസാനം സംസാരിച്ചത് 2010 ഡിസംബർ 4–ന് ജിദ്ദയിൽ വെച്ചാണ്. സുഊദിയിലെ കേരള ഹജ്ജ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ജിദ്ദ മേഖലയിൽ നിന്ന് ഹജ്ജിൽ പങ്കെടുത്തവർക്ക് നൽകിയ സ്വീകരണ ചടങ്ങായിരുന്നു വേദി. കേൾവിക്കാരിൽ ഒരാളായി അന്ന് അദ്ദേഹവുമുണ്ടായിരുന്നു. അദ്ദേഹത്തെ സദസ്സിലിരുത്തി അൽപനേരം ശ്രോതാക്കളോട് സംസാരിക്കേണ്ട ചുമതല എനിക്കുണ്ടായിരുന്നു. അദ്ദേഹ

ത്തോടുള്ള ആദരവോടും ഉള്ളിൽ അൽപം പേടിയോടും കൂടിയാണ് ഞാൻ സംസാരിച്ചത്. അന്ന് അര മണിക്കൂറിലധികം അദ്ദേഹത്തോട് സംസാരിക്കാൻ അവസരമുണ്ടായി. പ്രാസ്ഥാനികാവസ്ഥകളും പ്രസിദ്ധീകരണങ്ങളുമായിരുന്നു ചർച്ചാ വിഷയങ്ങൾ.

വർഷംതോറും ഹജ്ജിനെത്തുന്നവർക്ക് ജമാൽ സാഹിബിന്റെ ക്ലാസ്സുകൾ കനമുള്ള അറിവുകൾ നൽകി. മിനായിലെ ടെന്റിൽ ക്ലാസ്സെടുക്കാനായി എല്ലാ വർഷവും ജിദ്ദയിൽ നിന്ന് അദ്ദേഹമെത്തും. 'അയ്യാമുത്തശ്‌രീഖ്', 'ഹജ്ജിനു ശേഷം' തുടങ്ങിയ വിഷയങ്ങളിലാണ് ക്ലാസ്സെടുക്കുക. പുതുമ നിറഞ്ഞ പല വിവരങ്ങളും ആ ക്ലാസ്സുകളുടെ പ്രത്യേകതയായിരുന്നു. *പ്രബോധനം* പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഹജ്ജ് ഗൈഡ് തീർഥാടകർക്ക് നല്ലൊരു വഴികാട്ടിയായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മദീന ഘടകം സ്ഥാപിക്കുന്നതിൽ ജമാൽ സാഹിബും നേതൃപരമായ പങ്കുവഹിച്ചിട്ടുണ്ട്. മദീനയിൽ അദ്ദേഹം വരുമ്പോൾ സംഘടിപ്പിക്കപ്പെട്ടിരുന്ന പൊതു പ്രഭാഷണങ്ങളിൽ നൂറുകണക്കിന് പ്രവാസികൾ ഉത്സാഹപൂർവം പങ്കെടുത്തിട്ടുണ്ട്. സദസ്സിലേക്ക് ചോദ്യങ്ങൾ തൊടുത്ത്, അവരെ കൊണ്ട് ഉത്തരം പറയിപ്പിച്ച് മുന്നേറുന്ന ക്ലാസ്സുകളായിരുന്നു അവ. ക്ലാസ്സുകളിൽ മിണ്ടാതിരുന്നാൽ 'ഓ ഒറ്റൊന്നും മിണ്ടൂലല്ലോ' തുടങ്ങിയ നാടൻ പ്രയോഗത്തിലൂടെ വീണ്ടും അദ്ദേഹം സദസ്സിനെ തട്ടിയുണർത്തി കൂടെ കൊണ്ടുപോവും. ജിദ്ദയിലെ പ്രാസ്ഥാനിക വൃത്തത്തിന് തലയെടുപ്പുള്ള ഒരു അമരക്കാരനെയാണ് ജമാൽ സാഹിബിന്റെ വിയോഗത്തോടെ നഷ്ടമായിരിക്കുന്നത്.

**റഫീഖുർറഹ്മാൻ മൂഴിക്കൽ**

## ശബരിമല ദുരന്ത ഭൂമിയിലെ സേവന കാഴ്ചകൾ

**ശബരിമല** തീർഥാടകർക്കുണ്ടായ അത്യാഹിതം സമൂഹ മനസ്സാക്ഷിയെ ഞെട്ടിച്ചുകൊണ്ട് പുതിയ ഒരു ദുരന്ത വാർത്ത കൂടി കേരളത്തിന് സമ്മാനിക്കുകയായിരുന്നു. ദക്ഷിണേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും തീരാദുഃഖം സമ്മാനിച്ചുകൊണ്ടാണ് ദുരന്തം കടന്നുവന്നത്.

കുമളി ബോട്ടപകടത്തിന് ഒരു വർഷം പൂർത്തിയായപ്പോൾ ഉണ്ടായ രണ്ടാമത്തെ ദുരന്തം കുമളിക്ക് താങ്ങാവുന്നതിനപ്പുറമായിരുന്നു. ജനുവരിയുടെ തണുപ്പ് അവഗണിച്ച് ആയിരക്കണക്കിന് മനുഷ്യസ്നേഹികളാണ് കുമളി സർക്കാർ ആശുപത്രിയിൽ തടിച്ചുകൂടിയത്.

മതസൗഹാർദത്തിന്റെയും സേവനത്തിന്റെയുമൊക്കെ ഉദാത്തമായ ഒരു ശേഷിപ്പ് കേരളത്തിന് സമ്മാനിച്ചുകൊണ്ടാണ് ഈ ദുരന്തം കടന്നുപോയത്. അപകട വാർത്ത അറിഞ്ഞ ഉടനെ തന്നെ മൂന്ന് ആംബുലൻസുമായി എത്തിച്ചേർന്ന സോളിഡാരിറ്റി, ഐ.ആർ.ഡബ്ല്യു പ്രവർത്തകർ കർമനിരതരാവുകയായിരുന്നു.

രാഷ്ട്രീയ കേരളം ഗവൺമെന്റ് ആശുപത്രിയുടെ മുൻവശത്ത് സജ്ജീകരിച്ചിരുന്ന ചാനൽ കാമറകൾക്ക് മുമ്പിൽ സജീവമായപ്പോൾ സേവനകേരളം ആശുപത്രിയുടെ പിന്നാമ്പുറങ്ങളെ തങ്ങളുടെ കർമഭൂമിയാക്കുകയായിരുന്നു. മരണപ്പെട്ട എല്ലാ തീർഥാടകരുടെയും മൃതശരീരം വൃത്തിയാക്കിയും പോസ്റ്റ്മോർട്ടവുമായി ബന്ധപ്പെട്ട ജോലികൾ നിർവഹിച്ചും ഡ്രസ്സിംഗ് നടത്തിയുമൊക്കെയാണ് ഇസ്‌ലാമിക പ്രവർത്തകർ സേവനരംഗത്ത് നിറഞ്ഞുനിന്നത്. അതേസമയം മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം മുറിയിലേക്ക് എത്തിക്കാനും തിരിച്ച് മോർച്ചറിയിലേക്ക് കൊണ്ടുപോകാനും മറ്റുമുള്ള മുഴുസമയ സേവനവും നടത്തിയത് കുമളി ജുമാ മസ്ജിദ് മഹല്ല് നേതൃത്വവും തദ്ദേശീയരായ ചെറുപ്പക്കാരും ചേർന്ന ടീം ആയിരുന്നു.

ചെറിയ കുട്ടികളുടെ മൃതദേഹങ്ങൾ ഡ്രസ് ചെയ്തുകൊണ്ടിരുന്നവരുടെയൊക്കെ കണ്ണുകളെ ഈറനണിയിച്ചു. ഇന്നാട്ടിലെ മാനവ സൗഹൃദത്തെ തകർക്കാൻ ശ്രമിക്കുന്ന വർഗീയ ശക്തികൾ എത്ര അത്യധ്വാനം ചെയ്താലും നന്മേച്ഛുക്കളായ ഈ ചെറിയ സംഘം നിലനിൽക്കുവോളം അത് ക്ഷിപ്രസാധ്യമല്ല എന്ന സന്ദേശം കേരളത്തിന് സമ്മാനിച്ചുകൊണ്ടാണ് ഇസ്‌ലാമിക പ്രവർത്തകർ കഠിന സേവനത്തിന്റെ ഈ ഗിരിമാർഗം താണ്ടിയത്.

ജമാഅത്തെ ഇസ്‌ലാമി അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, സെക്രട്ടറി എൻ.എം അബ്ദുർറഹ്മാൻ എന്നിവരൊക്കെ ആശുപത്രിയിൽ എത്തിയിരുന്നു. അവസാനത്തെ മൃതദേഹത്തിന്റെയും പോസ്റ്റ്മോർട്ടം പൂർത്തീകരിച്ച ശേഷമാണ് ഈ സന്നദ്ധ സംഘം കുമളിയോട് വിടപറഞ്ഞത്.

**കെ.കെ.എം സാദിഖ് ഈരാറ്റുപേട്ട**
*kkmsadik@gmail.com*

## പ്രകടനപരത സൂക്ഷിക്കുക

**2010** ഡിസംബർ 25-ന്റെ *പ്രബോധന*ത്തിൽ മുഹമ്മദലി ശാന്തപുരം വിവർത്തനം ചെയ്ത 'പ്രകടനപരത കടന്നുവരുന്ന 15 വഴികൾ' എന്ന ലേഖനം വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

ഈ വിഷയത്തിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തതുകൊണ്ടോ ഉള്ളവർ തന്നെ വേണ്ടത്ര ഗൗരവത്തിൽ ചിന്തിക്കാത്തതുകൊണ്ടോ, കണ്ടുവരുന്ന വളരെ ദുഷിച്ച ഒരു പ്രവണതയെക്കുറിച്ച് ബോധവത്കരിക്കുന്ന ലേഖനം നന്നായി.

നമ്മുടെ പ്രവർത്തനങ്ങൾ ഇത്തരത്തിലായിപ്പോവുന്നുണ്ടോ എന്ന ജാഗ്രത ഉണ്ടാവണം. ആർക്കെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കുമ്പോൾ അത് മറ്റുള്ളവർ അറിയണമെന്ന ഉദ്ദേശ്യത്തോടെ പ്രചാരണങ്ങളും പരസ്യപ്പെടുത്തലുകളും പ്രകടനപരതയുടെ പട്ടികയിലല്ലേ പെടുക? സഹായങ്ങൾ ചെയ്തുകൊടുക്കുമ്പോൾ ആ സൽപ്രവൃത്തി മറ്റുള്ളവരും അറിഞ്ഞിരിക്കേണ്ടതല്ലേ എന്നൊരു ചോദ്യം സ്വാഭാവികമായും ഉയർന്നേക്കാം. ഒരു കൈ കൊണ്ട് കൊടുക്കുന്നത് മറുകൈ അറിയാതിരിക്കാൻ ശ്രദ്ധിക്കണമെന്ന മഹദ് വചനം മാത്രമേ അതിന് മറുപടിയായുള്ളൂ.

സഹായങ്ങൾ ചെയ്തുകൊടുക്കുന്നവർ അത് വിളിച്ചു പറയുന്നതിനേക്കാൾ സഹായം സ്വീകരിച്ച ഗുണഭോക്താവ് അക്കാര്യം മറ്റുള്ളവരോട് പറയുമ്പോഴല്ലേ ആ സഹായം ഏറ്റവും മഹത്തരമാകുന്നത്. അതു തന്നെയല്ലേ ഏറ്റവും നല്ല പരസ്യവും.

**കെ.കെ അശ്റഫ് കീഴ്മാട്, ആലുവ**

# സംശയത്തിന്റെ പേരിൽ ക്രൂരമായ പീഡനം

**ഇസ്തെഷാം** ഖുത്ബ്, 29 വയസ്സ്, 202 സഫിയാ മൻസിൽ, നയാനഗർ. മീറാ റോഡ് (ഇ) ഥാനാ ജില്ല, മഹാരാഷ്ട്ര–401107 എന്ന എഞ്ചിനീയറിംഗ് വിദ്യാർഥി, നാരായണൻ പാട്ടീൽ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുകയായിരുന്നു. താമസം അടുത്ത ഹോസ്റ്റലിൽ. ഇസ്തെഷാം തന്റെ ദുരന്ത കഥ വിവരിക്കുന്നു.

ഒരു ദിവസം വീട്ടിലേക്ക് പോകുന്ന വഴിയിൽ മുംബൈയിലെ വെസ്റ്റ് കുർലയിലെ ലൈബ്രറിയിൽ കുറെ ബുക്കുകൾ എടുക്കാൻ കയറുകയും പുസ്തകങ്ങൾ മറിച്ചുകൊണ്ടിരുന്നപ്പോൾ രാത്രി എട്ടു മണിക്ക് കുറെ പോലീസുകാർ വന്ന് എന്നെയും മറ്റു ഏഴു പേരെയും കുർല സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും 'സിമി' എന്ന സംഘടനയിൽ പ്രവർത്തിക്കുന്നവരാണ് നിങ്ങൾ, അതുകൊണ്ട് നിങ്ങളെ ഭീകര പ്രവർത്തന നിരോധ നിയമം 1967–ലെ 10–13 വകുപ്പുകളനുസരിച്ച് അറസ്റ്റ് ചെയ്തിരിക്കുകയാണെന്നും കുടത്ത ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും പറഞ്ഞു. പോലീസ് സ്റ്റേഷനിൽ നിന്നും കുർല മജിസ്ട്രേറ്റ് കോടതിയിലേക്ക് കൊണ്ടുപോവുകയും 3000 രൂപ ജാമ്യത്തിൽ വിടാൻ ഉത്തരവിടുകയും ചെയ്തു. പക്ഷേ, കുർല പോലീസ് മറ്റൊരു കേസ് കൂടി എന്റെ പേരിലുണ്ടെന്ന് പറഞ്ഞ് ലോക്കപ്പിലിട്ടു 15 ദിവസം കഴിഞ്ഞ് 8000 രൂപ ജാമ്യത്തിൽ വിടുകയുമുണ്ടായി.

ജയിൽ പീഡനവും അറസ്റ്റും കാരണം എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മുടങ്ങിയതിനെ തുടർന്ന് സ്വന്തമായി 2004–ൽ ഗ്രാഫിക് പോയിന്റ് എന്ന പേരിൽ ഇസ്ലാമിക പുസ്തകങ്ങളും ജനറൽ നോളഡ്ജ് പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു തുടങ്ങി. പക്ഷേ, 2006 ജൂലൈ 11–ന് മുംബൈയിൽ നടന്ന ട്രെയിൻ സ്ഫോടന പരമ്പരകളുടെ കേസിൽ എന്നെയും കക്ഷി ചേർത്തു. 13.7.2006–ൽ മീറാ റോഡിലെ പോലീസ് ഇൻസ്പെക്ടർ എന്റെ വീട്ടിൽ വന്ന് എന്നെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുപോയി, ചോദ്യം ചെയ്തിട്ട് വിട്ടയച്ചു.

2006 ജൂലൈ 24–ന് രാവിലെ 11 മണിക്ക് എ.ടി.എസ് ഇൻസ്പെക്ടർ എന്റെ വീട്ടിൽ വന്ന് നാഗ്പാലെ ഓഫീസിലേക്ക് ചെല്ലാൻ ആവശ്യപ്പെട്ടത് പ്രകാരം ഞാൻ അവിടെ ചെന്നപ്പോൾ സീനിയർ ഓഫീസർമാർ എന്നെ ചോദ്യം ചെയ്യാനുണ്ടെന്ന് പറഞ്ഞ് ഭോൽപാലെ എ.ടി.എസ് ഓഫീസിലേക്ക് കൊണ്ടുപോവുകയും ബെൽറ്റുകൾ കൊണ്ടും വടികൾ കൊണ്ടും മാരകമായ രീതിയിൽ അടിക്കുകയും എന്റെ പാൻ കാർഡ്, എ.ടി.എം കാർഡ്, മൊബൈൽ ഫോൺ, പോക്കറ്റിലുണ്ടായിരുന്ന 25000 രൂപ എല്ലാം എടുത്തുമാറ്റുകയും ചെയ്തു. ഒരു പേഴ്സനൽ കമ്പ്യൂട്ടർ വാങ്ങാനുള്ള രൂപയാണെന്നും അത് തരണമെന്നും, ഞാനിവിടെയുള്ള വിവരം എന്റെ വീട്ടുകാരെ അറിയിക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ അവർ അട്ടഹസിക്കുകയും ആ പണം മറന്നേക്കൂ എന്ന് പറഞ്ഞ് എന്റെ മുമ്പിൽ വെച്ച് തന്നെ അവിടെയുണ്ടായിരുന്ന എ.ടി.എസ് ഉദ്യോഗസ്ഥന്മാർ വീതിച്ചെടുക്കുകയും ചെയ്തു. ഒരു കോടതിയിലും ഹാജരാക്കാതെ പല തരത്തിലുള്ള പീഡനങ്ങളും ഏൽപ്പിച്ചുകൊണ്ടിരുന്നു.

എന്റെ വീട് പരിശോധിക്കുകയും കമ്പ്യൂട്ടർ, പ്രിന്റർ, മറ്റു സാധനങ്ങൾ, ഹദീസ് ഗ്രന്ഥങ്ങൾ, ഇസ്ലാമിക പ്രസിദ്ധീകരണങ്ങൾ, പതിനായിരം രൂപ എന്നിവ എടുത്ത് കൊണ്ടുപോവുകയും ചെയ്തു. എന്നിൽ നിന്നും വീട്ടിൽനിന്നും എടുത്തു മാറ്റിയ സാധനങ്ങൾക്കൊന്നിനും ഒരു രസീതി പോലും തന്നില്ല. പല കുറ്റങ്ങളും ആരോപിച്ച് 2006 ജൂലൈ 29–ന് മുമ്പായി മസേഗാനിലുള്ള മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ എന്നെ ഹാജരാക്കുകയും 1967–ലെ സെക്ഷൻ 10,13 എന്നീ വകുപ്പുകൾ പ്രകാരം 15 ദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിടുകയും ചെയ്തു. എന്റെ പണവും സാധനങ്ങളും ചോദിച്ചപ്പോൾ, അവ മറന്നേക്കടാ എന്ന് പറഞ്ഞ് എന്നെ ഭയപ്പെടുത്തുകയും മജിസ്ട്രേറ്റിനോട് വല്ലതും പറഞ്ഞാൽ, പിന്നെ നീ വേറെ അനുഭവിക്കും എന്ന് പേടിപ്പെടുത്തുകയും എ.ടി.എസ് ഓഫീസ് യൂനിറ്റ് 2–ലേക്ക് കൊണ്ടുപോയി പലതരത്തിലുള്ള പീഡനങ്ങളും ഏൽപിച്ച് എന്നെ കൊല്ലാകൊല ചെയ്യുകയുമായിരുന്നു.

2006 ആഗസ്റ്റ് 5–ന് എ.ടി.എസ് ഓഫീസർ സുനിർ ദേഷ്മുഖ് എന്നെ ചന്ദർചൗക്ക് എന്ന സ്റ്റേഷനിലേക്ക് കൊണ്ടുപോയി നാർക്കോ ടെസ്റ്റിന് വിധേയമാക്കി വീണ്ടും ആഗസ്റ്റ് 12–ന് നാഗ്പാഡ സ്റ്റേഷനിലേക്ക് കൊണ്ടുപോയി കെട്ടിയിടുകയും ഇലക്ട്രിക് ഷോക്ക് ഏൽപിക്കുകയും മൂക്കിൽ കൂടി വെള്ളം ഒഴിച്ച് രസിക്കുകയും ഞാൻ പിടക്കുന്നത് കണ്ട് ചിരിക്കുകയും രസിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്റെ 75 ദിവസത്തെ ലോക്കപ്പ് സമയത്ത് അസിസ്റ്റന്റ് കമീഷനർ വിനോദ് ഭട്ട് എന്നെ സമാധാനിപ്പിക്കുകയും വിഷമിക്കേണ്ട, എല്ലാം ഞാൻ ശരിയാക്കാമെന്നും മുകളിലുള്ള ഓഫീസർമാരുടെ ഉത്തരവനുസരിച്ചാണ് ഇതൊക്കെ ചെയ്യേണ്ടിവരുന്നതെന്നും പറഞ്ഞു. കുറച്ചെങ്കിലും മനുഷ്യത്വമുള്ള ആ മനുഷ്യൻ മേലാഫീസർമാരുടെ ശല്യങ്ങൾ സഹിക്കാനാവാതെ 2008 ആഗസ്റ്റ് അവസാനം ആത്മഹത്യ ചെയ്തതായി അറിയാൻ കഴിഞ്ഞു.

ഞാൻ സിമി എന്ന സംഘടനയുടെ പ്രവർത്തകനല്ല, ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല എന്ന് കേണു പറഞ്ഞിട്ടും അവർ പീഡിപ്പിക്കുകയും കുറെ കടലാസുകൾ തന്നിട്ട് അതിൽ ഒപ്പിടാൻ ആവശ്യപ്പെടുകയും ഒപ്പിടാൻ നിരസിച്ചപ്പോൾ നിന്റെ വീട്ടുകാരെ അറസ്റ്റ് ചെയ്ത് ഇവിടെ കൊണ്ടുവന്ന് ഇതുപോലെ പീഡിപ്പിക്കും എന്ന് താക്കീത് നൽകുകയും ചെയ്തു. എ.ടി.എസ് ഓഫീസർമാരും സീനിയർ പോലീസ് ഓഫീസർമാരും പലതവണ എന്നോട് പറഞ്ഞത് നീ ഒരു മാപ്പ് സാക്ഷിയെങ്കിലും ആയാൽ നിന്നെ വിട്ടേക്കാം എന്നാണ്. 2006 ഒക്ടോബർ അവസാനം ഞാൻ മോചിതനായി. അപ്പോഴേക്കും ഞാൻ ജീവഛവമായിരുന്നു. ഹൈന്ദവ ഭീകരർ നടത്തിയ മുംബൈ ട്രെയിൻ സ്ഫോടനങ്ങൾക്ക് മറയിടാൻ നിരപരാധികളായ ആയിരക്കണക്കിന് മുസ്ലിം യുവാക്കൾ ഇപ്പോഴും ജയിലിൽ കിടന്ന് നരകിക്കുകയാണ്. ഇന്ത്യ ഒരു ഹൈന്ദവ രാഷ്ട്രമാണെന്നും ഇവിടെ മുസ്ലിംകൾക്ക് ഇങ്ങനെയേ കഴിയാനൊക്കൂ എന്നും ഈ കാക്കി ഭീകരർ അടിക്കടി എന്നോട് പറഞ്ഞ് അട്ടഹസിക്കുമായിരുന്നു (*മില്ലി ഗസറ്റ്*).

**ഖാൻ വെള്ളായണി**